# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.171

04.06.2018 ൽ മറുപടിയ്ക്ക്

### കസ്റ്റഡി മരണം

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട് അഗളി പോലീസ് കസ്റ്റഡിയിലെടുത്ത റിമാന്റ് പ്രതി ടിജോ മരണമടഞ്ഞത് പോലീസിന്റെ ക്രൂരമായ മർദ്ദനം മൂലമാണെന്ന അക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; | (ബി) യും (സി) യും | ടിജോയുടെ മരണവുമായി ബന്ധപ്പെട്ട് വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും കമ്മീഷന്റെ ഉത്തരവ് പ്രകാരം വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പാലക്കാട് ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടിജോയുടെ മരണത്തിൽ ദുരൂഹത ആരോപിച്ചുകൊണ്ട് ഭാര്യയും മാതാവും ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉത്തരമേഖലാ ജയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ടിജോയുടെ മരണത്തെ കുറിച്ച് ഉന്നത തലത്തിലുള്ള അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ